KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
Dated : 01/ 03/ 2018

# ‘ചാരായ വേട്ട’ 27 ലിറ്റർ ചാരായവും പതിനായിരം രൂപയുമായി യുവാവ് പിടിയിൽ

കൊല്ലം : കേരള പോലീസ് നടത്തി വരുന്ന ‘ഓപ്പറേഷൻ ബ്രോക്കൺ വിൻഡോ’ യുടെ ഭാഗമായി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ. ശ്രീനിവാസ് എ ഐ.പി.എസ്സിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥനത്തിൽ കൊല്ലം സിറ്റി പോലീസ് ഷാഡോ ടീം ശക്തികുളങ്ങര പോലീസ് സ്റ്റേഷനതിർത്തിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കൊച്ചയ്യത്ത് തറയിൽ @ രാധ ഭവനം വീട്ടിൽ പുരുഷൻ മകൻ 45 വയസ്സുള്ള അജി പിടിയിലായത്. ഇയാളുടെ പക്കൽ നിന്നും 27 ലിറ്റർ ചാരയവും, കച്ചവടം നടത്തി ലഭിച്ച 10000 രൂപായും കണ്ടെടുത്തു. ജില്ലയിൽ വ്യാജ ചാരയത്തിന്റെ വിപണനവും ഉൽപ്പാദനവും നടക്കുന്നതായുള്ള രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ എസ്സ്. ഷിഹാബുദ്ദീന്റെ നേതൃത്വത്തിൽ ദിവസങ്ങളായി നടത്തി വന്ന രഹസ്യ നിരീക്ഷണത്തിന് ശേഷമാണ് അജി വലയിലായത്. ജില്ലയിൽ ഡ്രൈഡേ ദിവസങ്ങളിൽ വിൽപ്പനയ്ക്കായി സൂക്ഷിച്ച് വന്നിരുന്ന വ്യാജ ചാരായമാണ് കണ്ടെടുത്തത്. അടുത്ത കാലത്തായി നടത്തിയ പരിശോധനകളിൽ ഏറ്റവും വലിയ ചാരായ വേട്ടയാണ് നടന്നത്. മദ്യവിൽപ്പനശാലകൾക്ക് അവധിയുള്ള ദിവസങ്ങളിൽ വീടുകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് വിദേശ മദ്യം സംഭരിച്ച് വിപണനം നടത്തുന്നവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും വരും ദിവസങ്ങളിൽ അത്തരക്കാരുടെ വീടും സ്ഥാപനങ്ങളും പരിശോധന നടത്തുന്നതുമാണെന്ന് കമ്മീഷണർ അറിയിച്ചു. കൊല്ലം അസിറ്റന്റ് കമ്മീഷണർ ശ്രീ. ജോർജ്ജ് കോശി, ശക്തികുളങ്ങര എസ്സ്.ഐ ശ്രീ. ഫയാസ്, എസ്സ്.ഐ ഉണ്ണി, എ.എസ്സ്.ഐ റസൽ ജോർജ്ജ് എന്നിവർക്ക് പുറമേ നിഴൽ പോലീസ് എസ്സ്. ഐ വിപിൻകുമാർ യൂ.പി ടീമംഗങ്ങളായ ഹരി, സീനു, മനു, സജു, മണികണ്ഠൻ എന്നിവർ ചേർന്നാണ് അജിയെ വലയിലാക്കിയത്.


അജി

